# കീഴരിയൂർ ഗ്രാമപഞ്ചായത്ത്

## പതിനാലാം പഞ്ചവത്സര പദ്ധതി

## 2025-26 വാർഷിക പദ്ധതി

# അന്തിമ പദ്ധതി രേഖ

# മുഖമൊഴി

പ്രിയരെ,

ജനകീയാസൂത്രണ പ്രസ്ഥാനത്തിലൂടെ ഭാവനാപൂർണ്ണമായ പ്രവർത്തനങ്ങൾ നടപ്പിലാക്കുക വഴി നാം കൈവരിച്ച വികസന നേട്ടങ്ങൾ അഭിമാനകരമാണ്. കക്ഷി രാഷ്ട്രീയത്തിനും ജാതി മത ചിന്തകൾക്കും വിഭാഗീയ പ്രവർത്തനങ്ങൾക്കും അതീതമായി നാം നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വികസന സംസ്കാരം കൂടുതൽ ഊർജ്ജസ്വലമായി മുന്നോട്ട് കൊണ്ട് പോകാം. നാടിന്റെ വികസന പ്രശ്നങ്ങൾ പ്രാദേശികമായി വിലയിരുത്തിക്കൊണ്ട് സമർപ്പിക്കുന്ന നിർദ്ദേശങ്ങൾ മുൻഗണനാക്രമത്തിൽ നടപ്പിലാക്കാന് ശ്രമിക്കുകയാണ്. കാർഷികരംഗത്ത് സർക്കാർ സഹായത്തോടെ നെല്ല് ഉൽപാദനം വർദ്ധിപ്പിക്കാനും ജൈവ കൃഷി രീതിയിലൂടെ മറ്റ് വിളകൾ പ്രോത്സാഹിപ്പിക്കാനും കഴിഞ്ഞു. പശ്ചാത്തല മേഖലയിൽ സംസ്ഥാന സർക്കാരിന്റെയും ജില്ലാ പഞ്ചായത്തിന്റെയും സഹായത്തോടെ നിരവധി പ്രവൃത്തികൾ നടന്നു കൊണ്ടിരിക്കുകയാണ്. കൈമാറികിട്ടിയ സ്ഥാപനങ്ങൾക്ക് സ്വന്തം കെട്ടിടം പണിയാൻ കഴിഞ്ഞത് ചാരിതാർത്ഥജനകമാണ്. വിവിധ വിഭാഗങ്ങളുടെ ക്ഷേമത്തിനും ഐശ്വര്യത്തിനും ആവശ്യമായ നടപടികളിലൂടെ നമുക്ക് ഇനിയും മുന്നേറാം.

ഈ ലക്ഷ്യങ്ങൾ കൈവരിക്കാൻ കഴിയുമെന്ന ബോധ്യത്തോടെ ഈ പദ്ധതി രേഖ സമർപ്പിക്കുന്നു..

ഗ്രാമപഞ്ചായത്തിന് വേണ്ടി

പ്രസിഡണ്ട്

കീഴരിയൂർ ഗ്രാമപഞ്ചായത്ത്

**ഉള്ളടക്കം:**

അദ്ധ്യായം 1 – വികസന സ്ഥിതി അവസ്ഥ

അദ്ധ്യായം 2 – വാർഷിക പദ്ധതി അവലോകനം

അദ്ധ്യായം3– പ്രശ്ന വിശകലനവും പ്രശ്ന പരിഹാര
സാധ്യതകളും

അദ്ധ്യായം 4 – വികസന കാഴ്ചപ്പാട്, ലക്ഷ്യങ്ങൾ,തന്ത്രം

അദ്ധ്യായം 5 – വിഭവസ്രോതസ്സുകളും വകയിരുത്തലുകളും

അദ്ധ്യായം 6 – പ്രോജക്ടുകളും അവയുടെ വിശദാംശങ്ങളും

അദ്ധ്യായം 7 – പ്രത്യേക പദ്ധതികൾ/പരിപാടികൾ

അദ്ധ്യായം 8 – വായ്പാബന്ധങ്ങൾ

അദ്ധ്യായം 9 – സമഗ്ര പരിപാടികളും സംയോജന
സാധ്യതകളും

അദ്ധ്യായം 10 – മോണിറ്ററിംഗ്

# കീഴരിയൂർ ഗ്രാമപഞ്ചായത്ത് പൊതുസ്ഥിതിവിവരങ്ങൾ

**അതിരുകൾ:**

| | | |
|---|---|---|
| കിഴക്ക് | : | അരിക്കുളം ഗ്രാമപഞ്ചായത്ത് |
| പടിഞ്ഞാറ് | : | അകലാപ്പുഴ |
| വടക്ക് | : | തുറയൂർ, മേപ്പയ്യൂർ ഗ്രാമപഞ്ചായത്ത് |
| തെക്ക് | : | കൊയിലാണ്ടി നഗരസഭ |
| വില്ലേജ് | : | കീഴരിയൂർ |
| ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ | : | കീഴരിയൂർ, കൊഴുക്കല്ലൂർ, നടുവത്തൂർ |
| ജില്ലാപഞ്ചായത്ത് ഡിവിഷൻ | : | അരിക്കുളം |
| നിയമസഭ മണ്ഡലം | : | പേരാമ്പ്ര |
| ലോക്സഭ മണ്ഡലം | : | വടകര |
| ആകെ വാർഡുകൾ | : | 13 |
| ജനസംഖ്യ | : | 15116 |
| സ്ത്രീകൾ | : | 8055 |
| പുരുഷൻമാർ | : | 7061 |
| പട്ടികജാതി ജനസംഖ്യ | : | 1372 |
| സ്ത്രീകൾ (പട്ടികജാതി) | : | 694 |
| പുരുഷൻമാർ (പട്ടികജാതി) | : | 678 |

# കീഴരിയൂർ ഗ്രാമപഞ്ചായത്ത് ജനപ്രതിനിധികൾ

| വാർഡ് | പേര് | പദവി | ഫോൺ നമ്പർ |
|---|---|---|---|
| 1 | നിഷ വല്ലിപ്പടിക്കൽ | ചെയർപേഴ്സൺ, ആരോഗ്യവിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി | 9072791301 |
| 2 | ഫൗസിയ കുഴുമ്പിൽ | മെമ്പർ | 8281522690 |
| 3 | സജീവൻ ഐ, | ചെയർമാൻ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | 9446643746 |
| 4 | സവിത | നിരത്തിന്റെ മീത്തൽ | 9497208882 |
| 5 | ജലജ ടി വി | മെമ്പർ | 9496730089 |
| 6 | മോളി വടക്കെപുനത്തിൽ | മെമ്പർ | 9539283941 |
| 7 | കെ കെ നിർമ്മല | പ്രസിഡണ്ട് | 9496048148 |
| 8 | രാജൻ കെ സി | മെമ്പർ | 8301932001 |
| 9 | അമൽ സരാഗ | ചെയർപേഴ്സൺ , വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | 9947520135 |
| 10 | എൻ എം സുനിൽ | വൈസ് പ്രസിഡണ്ട് | 8281010633 |
| 11 | മനോജ് ഇ എം | മെമ്പർ | 7012947714 |
| 12 | സുരേഷ് മാസ്റ്റർ | മെമ്പർ | 9495030557 |
| 13 | ഗോപാലൻ കെ | മെമ്പർ | 8606745628 |

## ബ്ലോക്ക് പഞ്ചായത്ത് ജനപ്രതിനിധികൾ

| | | | |
|---|---|---|---|
| 1 | എം എം രവീന്ദ്രൻ | കീഴരിയൂർ | 9495457046 |
| 2 | സുനിത ബാബു | നടുവത്തൂർ | 9745903451 |
| 3 | പ്രസന്ന പി. | കൊഴുക്കല്ലൂർ | 9496116866 |

## ജില്ലാ പഞ്ചായത്ത് ജനപ്രതിനിധി

| | | | |
|---|---|---|---|
| 1 | എം.പി ശിവാനന്ദൻ | അരിക്കുളം | 9447844818 |

## അദ്ധ്യായം 1

## കീഴരിയൂർ ഗ്രാമപഞ്ചായത്ത് - വികസന സ്ഥിതി അവസ്ഥ

പഞ്ചായത്ത് സംവിധാനത്തിന്റെ ആരംഭം തൊട്ട് 1968 സപ്തംബർ 27 ന് കീഴരിയൂർ ഗ്രാമപഞ്ചായത്തിന്റെ ആവിർഭാവം വരെ ഈ പ്രദേശം തുറയൂർ പഞ്ചായത്തായിട്ടാണ് നിലനിന്നിരുന്നത്. ഭൂമിശാസ്തപരമായി മറ്റുപ്രദേശങ്ങളിൽ നിന്നും ഒറ്റപ്പെട്ട് കിടന്ന ഗ്രാമമായിരുന്നു കീഴരിയൂർ. അഞ്ച് ദശാബ്ദങ്ങളായി ഗ്രാമ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾ സാധ്യമായ ലക്ഷ്യങ്ങൾ കൈവരിച്ച് 50 വർഷം പിന്നിട്ടിരിക്കുകയാണ്.

കാർഷിക വൃത്തിയിൽ അധിഷ്ഠിതമാണ് കീഴരിയൂരിന്റെ സമ്പദ് വ്യവസ്ഥ. തെങ്ങ്,കവുങ്ങ്, കുരുമുളക്, നെല്ല്, പയറു-കിഴങ്ങ് വർഗ്ഗങ്ങൾ, വാഴ, വെറ്റില, റബർ, കശുവണ്ടി എന്നിവ മുഖ്യ കൃഷികളാണ്. കാലാകാലളിലുണ്ടാവുന്ന വിപണി മാന്ദ്യവും മറ്റു പ്രതികൂലാവസ്ഥകളും ഈ മേഖലയെ സാരമായി ബാധിച്ചിട്ടുണ്ട്. എങ്കിലും സുദീർഘമായ കാർഷിക വൃത്തിയുടെ പാരമ്പര്യത്തിൽ നിന്നും അനുഭവ സമ്പത്തും നാട്ടറിവുകളും സമാർജിച്ച കർഷക ജനത കീഴരിയൂരിന്റെ സമ്പദ്വ്യവസ്ഥയ്ക്ക് ബലമേകുന്നു. കീഴരിയൂരിൽ തോട്ടകൃഷി വ്യാപകമായി ആരംഭിച്ചത് ചെറിയാൻ ജോർജ്ജ് എന്നയാളാണ്. പൊടിയാടി മേഖലയിൽ തെങ്ങിൻ തോട്ടവും മീറോട് മലയിൽ റബർ തോട്ടവും, കശുമാവിൻ തോട്ടവും ആരംഭിക്കുന്നത് ഇദ്ദേഹത്തിന്റെ കാലത്താണ്. അന്ധവിശ്വാസം മൂലം ആളുകൾ അവഗണിച്ച ഒരു പ്രദേശം വലിയൊരു തൊഴിൽ മേഖലയാക്കി മാറ്റുകയായിരുന്നു പൊടിയാടിയിൽ. മീറോട്മല, മാവട്ട്മല, ഇയ്യാലോൽമല, കീരംകുന്ന്, ഒറോക്കുന്ന് എന്നിവിടങ്ങളിൽ കശുമാവ് കൃഷിയാണ് മുഖ്യം. ഇപ്പോളതില് മാറ്റം വന്നിട്ടുണ്ട്.

കഴിഞ്ഞ പഞ്ചവത്സരപദ്ധതികളിൽ വളപ്രയോഗത്തിനും ജലസേചനത്തിനും ഊന്നൽ നൽകിയ വികസനപ്രവർത്തനങ്ങൾ മൂലം കാർഷിക വിളകളുടെ ഉൽപ്പാദനം വർദ്ധിപ്പിക്കാനായിട്ടുണ്ട്. ഇതോടൊപ്പം ഇടവിളയായി വാഴ, മഞ്ഞൾ, ഇഞ്ചി, ചേന തുടങ്ങിയ വിളകൾക്കും സഹായം നൽകിയതു മൂലം ഈ ഇനത്തിൽ കർഷകരുടെ വരുമാനം ഉയർത്താന് കഴിഞ്ഞിട്ടുണ്ട്. വർദ്ധിച്ചുവരുന്ന ഉൽപ്പാദനച്ചെലവ് പരിഹരിക്കുന്നതിന് ജില്ലാ-ബ്ലോക്ക് പഞ്ചായത്തുകളുടെ സഹകരണത്തോടെ കൂടുതൽ പദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ട്. നാളികേരം സംഭരിച്ചും സംസ്കരിച്ചും

വിപണി ഒരുക്കുന്നതിലേയ്ക്കും കൂടുതൽ പദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ട്. നെൽകൃഷിയെ സംബന്ധിച്ചിടത്തോളം നാൾക്കുനാൾ പൊതുവായി ഒരു താൽപര്യം ഉയർന്നു വരുന്നത് എന്നത് ഏറെ പ്രതീക്ഷാജനകമാണ്.

കാർഷിക മേഖലയുമായി ബന്ധപ്പെടുത്തി സുവ്യക്തമായ ഒരു കാഴ്ചപ്പാടോടു കൂടി സ്വയം പര്യാപ്തമായ ഒരു ഭക്ഷ്യഗ്രാമം എന്നതാണ് നമ്മുടെ പ്രഥമ ലക്ഷ്യം. നവകേരള മിഷനിലുൾപ്പെടുത്തിയിരിക്കുന്ന ഹരിതകേരളം പദ്ധതിയിലൂടെ ലക്ഷ്യപൂർത്തീകരണം നേടുന്നതിനുള്ള പ്രവർത്തനങ്ങളാണ് നമ്മൾ വിഭാവനം ചെയ്യുന്നത്. ഇതോടനുബന്ധിച്ച് തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെടുത്തി തരിശു രഹിത ഗ്രാമം നമ്മൾ സൃഷ്ടിക്കും.

പാർപ്പിട മേഖലയിൽ ഒട്ടേറെ മുന്നേറാന് നമുക്ക് കഴിഞ്ഞിട്ടുണ്ട്. ഇം.എം.എസ് ഭവനപദ്ധതി, ഇന്ദിരാ ആവാസ് യോജന, ലൈഫ് ഭവനപദ്ധതി തുടങ്ങി ജില്ലാ, ബ്ലോക്ക് ഗ്രാമപഞ്ചായത്തുകൾ ഏറ്റെടുത്ത് നടപ്പിലാക്കിയ പദ്ധതികളിലൂടെ ഒട്ടേറെ ഭവനരഹിതർക്ക് വീട് എന്ന സ്വപ്നം പൂവണിഞ്ഞിട്ടുണ്ട് എന്നത് ഏറെ ചാർതാർത്ഥ്യജനകമാണ. അർഹരായ മുഴുവന് പേർക്കും വീടു ലഭ്യമാക്കുന്നതിനായി സർക്കാറിന്റെ ലൈഫ് മിഷന് പദ്ധതിയിലൂടെ അർഹരായ എല്ലാവർക്കും വീട് എന്നതാണ് നാം ലക്ഷ്യമിട്ടിരുന്നത്. ആയതിന്റെ ഭാഗമായി ലൈഫ് പദ്ധതി പ്രകാരം 76 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചു കൊണ്ടിരിക്കുന്നു. 2023-24 സാമ്പത്തിക വർഷത്തില് 44 വീടുകള്ക്ക് എഗ്രിമെന്റ് വെച്ചിട്ടുണ്ട്.

ആരോഗ്യമേഖലയിൽ പ്രഥമികാരോഗ്യകേന്ദ്രത്തിന് പുറമെ ആയുർവേദ,ഹോമിയോ ഡിസ്പെൻസറികളും നല്ലനിലയിൽ പ്രവർത്തിച്ചു വരുന്നു. മെച്ചപ്പെട്ട രീതിയിൽ മരുന്നു വിതരണം നടത്തുന്നതിനും, ഗൃഹസന്ദർശനം നടത്തി ആവശ്യമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനും പാലിയേറ്റീവ് പ്രവർത്തനങ്ങൾ അലോപ്പതി, ആയുർവേദ, ഹോമിയോ വിഭാഗങ്ങളെ ഏകോപിപ്പിച്ചുകൊണ്ടും ആരോഗ്യ സംരക്ഷണ യജ്ഞം ജനങ്ങളിലേയ്ക്ക് വ്യാപിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. ശാരീരികവും മാനസികവുമായി ആളുകളിൽ ആരോഗ്യ അവബോധം സൃഷ്ടിക്കാന് യോഗപരിശീലനം നടത്തി വരുന്നു. കീഴരിയൂർ പ്രാഥമികാരോഗ്യകേന്ദ്രം ആർദ്രം പദ്ധതിയിലുൾപ്പടുത്തി കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തിയിട്ടുണ്ട്. സർക്കാറിന്റെ നൂതന പദ്ധതിയായ ജീവതാളം ആരോഗ്യ മേഖലയില് പുത്തനുണർവ് സൃഷ്ടിക്കാന് സാധിച്ചിട്ടുണ്ട്.

ജനകീയാരോഗ്യ രംഗത്ത് പഞ്ചായത്തിന് അഭിമാനാർഹമായ നേട്ടം കൈവരിക്കാന് ഇതു വഴിയൊരുക്കുമെന്ന് പ്രതീക്ഷിക്കുന്നു.

സംസ്ഥാനം നേടിയിരിക്കുന്ന സാർവ്വത്രികവും സമഗ്രവുമായ വിദ്യാഭ്യാസമാണ് നമ്മുടെ എല്ലാ നേട്ടത്തിനും അടിസ്ഥാനം. പൊതുവിദ്യാഭ്യാസ രംഗത്തെ നമ്മുടെ വളർച്ചയാണ് ഇതിന് കാരണം. ഈ മേഖലയിലും സുസ്ഥിരമായ കാഴ്ചപ്പാടോടുകൂടി നമ്മൾ പരിപാടികള് ആസൂത്രണം ചെയ്തിട്ടുണ്ട്. വിദ്യാഭ്യാസ മേഖലയിൽ നാം നേരിടുന്ന വിവിധ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിന് സമഗ്ര വിദ്യാഭ്യാസ പദ്ധതി ആവിഷ്കരിച്ചു നടപ്പാക്കേണ്ടതുണ്ട്. പന്ത്രണ്ടിന പരിപാടിയുടെ ഭാഗമായി ജനകീയ ഹോട്ടൽ, ടേക്ക് എ ബ്രേക്ക് എന്നിവ ആരംഭിച്ചിട്ടുണ്ട്, വയോജന ക്ലബ്ബ് ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്.

പൊതുജനങ്ങൾക്ക് ഉപയോഗിക്കാന് കഴിയുന്ന തരത്തിൽ പൊതു ടോയ് ലെറ്റ് ,വിശ്രമകേന്ദ്രം എന്നിവ കീഴരിയൂർ അങ്ങാടിയില് ആരംഭിച്ചിട്ടുണ്ട്

ശുചിത്വകേരളം പദ്ധതിയുടെ ഭാഗമായി നമ്മുടെ ഗ്രാമപഞ്ചായത്തിന് ശുചിത്വ പദവി നേടിയെടുക്കുന്നതിനായി താൽക്കാലിക എംസിഎഫ്, എല്ലാ വാർഡുകളിലും മിനി എം.സി.എഫ് എന്നിവ സ്ഥാപിച്ചിട്ടുണ്ട്. എം സി എഫ് നിർമ്മാണ പ്രവർത്തനം പൂർത്തീകരിച്ചു വരുന്നു. ഗ്രാമപഞ്ചായത്തിന്റെ ദുരന്തനിവാരണ പദ്ധതി പ്രകാരം ദുരന്ത പ്രതിരോധത്തിനും ദുരന്തങ്ങളുടെ ആഘാതം കുറക്കുന്നതിനുമായി പദ്ധതി ഏറ്റെടുക്കേണ്ടതുണ്ട്.

പതിനാലാം പഞ്ചവൽസര പദ്ധതിയുടെ 2027 വരെയുള്ള വികസനപരിപ്രേക്ഷ്യം മുൻനിർത്തി നവകേരളമിഷൻ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ടാണ് നമ്മൾ ഇത്തവണ പദ്ധതികൾ ഏറ്റെടുത്തിരിക്കുന്നത്. ഈ പ്രൊജക്ടുകളുടെ വിജയകരമായ പൂർത്തീകരണം ലക്ഷ്യമാക്കി ഒന്നിച്ചു മുന്നേറാന് നമുക്ക് കഴിയണം. പൂർണ്ണമായ സഹകരണവും പിന്തുണയും ഉണ്ടാവണമെന്ന അഭ്യർത്ഥനയോടെ ഈ കരട് പദ്ധതിരേഖ നിങ്ങളുടെ മുമ്പിൽ സമർപ്പിക്കുന്നു.

## അദ്ധ്യായം 2

## വാർഷിക പദ്ധതി അവലോകനം

### (പതിനാലാം പഞ്ചവത്സര പദ്ധതി 2024-25)

കീഴരിയൂർ ഗ്രാമപഞ്ചായത്തിൽ 2024-25 വാർഷിക പദ്ധതി നിർവ്വഹണത്തിനായി സംസ്ഥാന ബജറ്റ് പ്രകാരം പൊതു വിഭാഗം വികസനഫണ്ട് സാധാരണ വിഹിതമായി 10515000/- രൂപയും പട്ടികജാതി വിഭാഗത്തിൽ 3148000/- രൂപയും ധനകാര്യകമ്മീഷൻ വിഹിതമായി 4427800/- രൂപയും മെയിന്റനൻസ് റോഡ് ഇനത്തിൽ 6490000/- രൂപയും റോഡിതരം ഇനത്തിൽ 3652000/- രൂപയുമാണ് അനുവദിച്ചിട്ടുള്ളത്. മറ്റ് ഫണ്ടുകൾ ഉൾപ്പെടെ ആകെ 2,82,32,800/- രൂപയാണ് വാർഷിക പദ്ധതിയുടെ അടങ്കൽ.

2024-25 വാർഷിക പദ്ധതിയിൽ 101 പുതിയ പദ്ധതികളും 39 സ്പിൽ ഓവർ പദ്ധതികളും അടക്കം ആകെ 140 പ്രൊജക്ടുകളാണ് ഉള്ളത്.

### ഉത്പാദന മേഖല

ഉത്പാദന മേഖലയിൽ 14 പദ്ധതികളിലായി ആകെ 56,87,280/ രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഇത് വരെയുള്ള ആകെ ചെലവ് 4435290/- രൂപയാണ്.

### സേവന മേഖല

സേവന മേഖലയിൽ 104 പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്. ആകെ വകയിരുത്തിയ 71611375/- രൂപയിൽ ഇത് വരെ ആകെ 34102049/- രൂപ ചെലവഴിച്ചിട്ടുണ്ട്.

പട്ടികജാതി വികസന ഫണ്ടിൽ ഉൾപ്പെടുത്തി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നടപ്പിലാക്കി, വീട് റിപ്പയര്, ലൈഫ് ഭവനനിർമ്മാണം എന്നീ പ്രോജക്ടുകൾ നടപ്പിലാക്കി വരുന്നു.

അജൈവ മാലിന്യ നിർമ്മാർജ്ജനത്തിന് ഹരിതകർമ്മസേനയുടെ തൃപ്തികരമായ സേവനം ലഭിച്ചു വരുന്നു. മാലിന്യ സംഭരണ കേന്ദ്രത്തിന് (എംസിഎഫ്) ഗ്രാമപഞ്ചായത്ത് തലത്തിൽ സ്ഥലം കണ്ടെത്തി നിർമ്മാണം പൂർത്തിയായി വരുന്നു. വാർഡ് തല മിനി എം.സി.എഫ്, ബോട്ടിൽ ബൂത്തുകള് എന്നിവ സ്ഥാപിച്ചു.

ലൈഫ് പദ്ധതിയിലുൾപ്പെടുത്തി പൂർത്തിയാകാത്ത വീടുകളുടെ പൂർത്തീകരണ പ്രകാരം 11 വീടുകളും ഭൂമിയുള്ള ഭവന രഹിതരുടെ പദ്ധതി പ്രകാരം 55 വീടുകളും പൂർത്തീകരിച്ചിട്ടുണ്ട്. ലൈഫ് 2020 ഗുണഭോക്താക്കൾക്കൾക്ക് ആനുകൂല്യം അനുവദിച്ചു വരുന്നു.

**പശ്ചാത്തല മേഖല**

പശ്ചാത്തല മേഖലയിൽ 25 പ്രൊജക്ടുകളാണ് ഏറ്റെടുത്തിട്ടുള്ളത്. വകയിരുത്തിയ ആകെ തുകയായ 10888786/- രൂപയിൽ 9084222/- രൂപ ചെലവ് രേഖപ്പെടുത്തി.

2024-25 വാർഷിക പദ്ധതിയിൽ സ്പിൽ ഓവർ പ്രൊജക്ടുകളിൽ 79.2% ചെലവാണ് ഇത് വരെ വന്നിട്ടുള്ളത്.

# 2024-25 വാർഷിക പദ്ധതി അവലോകനം

| പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ | ലക്ഷ്യം | നേട്ടം |
|---|---|---|---|---|
| 1 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി ജനറൽ | 685000 | ക്ഷീരവികസനം | നടപ്പിലാക്കി |
| 2 | അതിദാരിദ്ര്യ നിർമാർജനം | 37000 | അതിദരിദ്രരെ കണ്ടെത്തി ദാരിദ്ര്യം ഇല്ലായ്മ ചെയ്യുക | നടപ്പിലാക്കി വരുന്നു |
| 4 | പി എം എ വൈ വിഹിതം നൽക്കല് ജനറല് | 70000 | പാർപ്പിടം | നടപ്പിലാക്കി വരുന്നു |
| 5 | വനിത തൊഴിൽ സംരംഭങ്ങള് | 553120 | സ്വയംതൊഴിൽ | നടപ്പിലാക്കി വരുന്നു |
| 6 | പാലിയേറ്റീവ് കെയർ പദ്ധതി | 600000 | കിടപ്പ് രോഗികളുടെ പരിരക്ഷ | നടപ്പിലാക്കി |
| 7 | കറവപ്പശുക്കൾക്കുള്ള കാലിത്തീറ്റ സബ്സിഡി | 1200000 | ക്ഷീരവികസനം | നടപ്പിലാക്കി |
| 8 | പ്രാഥമികാരോഗ്യ കേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങൽ | 300000 | മരുന്ന് വാങ്ങൽ | നടപ്പിലാക്കി |
| 9 | പിഎച്ച്സി കണ്ടിജന്റ് ചെലവുകൾ | 100000 | പിഎച്ച്സി ദൈനംദിന ചെലവുകൾ | നടപ്പിലാക്കി |
| 10 | മെൻസ്ട്രുൽ കപ്പ് വിതരണം | 300000 | സ്ത്രീകളുടെ ആരോഗ്യസംരക്ഷണം | നടപ്പിലാക്കി |
| 11 | ലൈഫ് ഭവന പദ്ധതി ജനറൽ | 20000000 | പാർപ്പിടം | നടപ്പിലാക്കി |
| 12 | അസിസ്റ്റന്റ് എഞ്ചിനീയറുടെ ഔദ്യോഗികആവശ്യങ്ങൾക്ക് വാഹനം വാടകയ്ക്ക് എടുക്കൽ | 465750 | വാഹന വാടക | നടപ്പിലാക്കി |
| 13 | അംഗനവാടി മെയിന്റനൻസ് നമ്പ്രത്ത്കര | 810000 | അങ്കണവാടി നവീകരണം | നടപ്പിലാക്കി |
| 14 | മൃഗശുപത്രിയിലേക്ക് മരുന്ന് | 300000 | മരുന്ന് വാങ്ങൽ | നടപ്പിലാക്കി |

| | | | | |
|---|---|---|---|---|
| | വാങ്ങൽ | | | |
| 15 | അടുക്കള മുറ്റത്തെ കോഴി വളർത്തൽ | 273000 | കോഴി വളർത്തൽ | നടപ്പിലാക്കി |
| 16 | മൃഗശുപത്രി ദൈനദിന ചിലവുകൾ | 50000 | ദൈനംദിന ചെലവുകൾ | നടപ്പിലാക്കി വരുന്നു |
| 18 | ക്രാഡിൽ മാതൃകാ അംഗനവാടി കെട്ടിടനിർമ്മാണം | 2500000 | അങ്കണവാടി നവീകരണം | നടപ്പിലാക്കി വരുന്നു |
| 19 | എസ് എസ് കെ വിഹിതം നൽകല് | 300000 | എസ്എസ്കെ വിഹിതം നൽകൽ | നടപ്പിലാക്കി |
| 20 | സ്നേഹസ്പർശം | 300000 | കിഡ്നി രോഗികളുടെ മരുന്ന് | നടപ്പിലാക്കി |
| 21 | ഐകെഎം വിഹിതം നൽകല് | 45228 | സാങ്കേതികസഹായം | നടപ്പിലാക്കി |
| 22 | ഗ്രാമപഞ്ചായത്ത് ടെക്നിക്കൽ അസിസ്റ്റന്റിന് വേതനം നൽകല് | 371940 | സാങ്കേതിക സഹായം | നടപ്പിലാക്കി |
| 23 | നടുവത്തൂർ യുപി മഠത്തിൽതാഴെ റോഡ് മെയിന്റനൻസ് വാർഡ്-10 | 1209505 | റോഡ് മെയിന്റനൻസ് | നടപ്പിലാക്കി വരുന്നു |
| 24 | ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ | 500000 | മരുന്ന് വാങ്ങൽ | നടപ്പിലാക്കി |
| 25 | വരൾച്ചാ ബാധിത പ്രദേശങ്ങളിൽ കുടിവെള്ള വിതരണം | 776186 | കുടിവെള്ളവിതരണം | നടപ്പിലാക്കി |
| 26 | ഇടവിള കൃഷി വികസനം | 600000 | കൃഷിവികസനം | നടപ്പിലാക്കി |
| 27 | തെങ്ങു കൃഷി പ്രോൽസാഹന പദ്ധതി | 1259160 | തെങ്ങ് കൃഷി വികസനം | നടപ്പിലാക്കി |
| 28 | പദ്ധതി രൂപീകരണം നിർവ്വഹണം മോണിറ്ററിംഗ് | 285058 | പദ്ധതി നിർവ്വഹണം | നടപ്പിലാക്കി |
| 29 | നെൽ കൃഷി പ്രോൽസാഹന പദ്ധതി | 796000 | നെല്ല് കൃഷി | നടപ്പിലാക്കി വരുന്നു |

| | | | | |
|---|---|---|---|---|
| 30 | എബിസി പ്രോഗ്രാം | 100000 | തെരുവ് നായ നിർമാർജ്ജനം | നടപ്പിലാക്കി |
| 33 | കനോത്ത് കണ്ടച്ചംപുരക്കൽ റോഡ് കോൺക്രീറ്റ് വാർഡ്-6 | 273837 | റോഡ് കോൺക്രീറ്റ് | നടപ്പിലാക്കി |
| 34 | ചാലിൽമീത്തല് കോളനി റോഡ് കോൺക്രീറ്റ് വാർഡ്-3 | 251222 | റോഡ് കോൺക്രീറ്റ് | നടപ്പിലാക്കി |
| 35 | നടുക്കണ്ടിമുക്ക് എക്കോട്ട്ചാലിൽ റോഡ് കോൺക്രീറ്റ് വാർഡ്-1 | 285678 | റോഡ് കോൺക്രീറ്റ് | നടപ്പിലാക്കി |
| 36 | ക്ലോക്ലിയർ ഇംപ്ലാന്റേഷന് തുക കൈമാറൽ | 100000 | ക്ലോക്ലിയർ ഇംപ്ലാന്റേഷന് തുക കൈമാറൽ | നടപ്പിലാക്കിയിട്ടില്ല |
| 37 | ഒറോകുന്ന് കുടിവെള്ള പദ്ധതി മോട്ടോർ സ്ഥാപിക്കലുംഇലക്ട്രിഫിക്കേഷനും | 300000 | കുടിവെള്ളപദ്ധതി | നടപ്പിലാക്കി |
| 38 | അമ്പലത്തിങ്കൽ മഠത്തിൽതാഴെ റോഡ് കോൺക്രീറ്റ് വാർഡ്-10 | 237673 | റോഡ് കോൺക്രീറ്റ് | നടപ്പിലാക്കി |
| 39 | നടുവത്തൂർ സൌത്ത് ബസ്റ്റോപ്പ് കളിക്കൂട്ടം റോഡ് കോൺക്രീറ്റ് വാർഡ് 9 | 208799 | റോഡ് കോൺക്രീറ്റ് | നടപ്പിലാക്കി |
| 40 | കണ്ടിജന്റ് ചെലവുകൾ ആയുർവേദ ഡിസ്പെൻസറി | 50000 | ദൈനംദിന ചെലവുകള് | നടപ്പിലാക്കി |
| 41 | മനത്താനത്ത് തുണ്ടിയോട്ട് താഴെ റോഡ് കോൺക്രീറ്റ് വാർഡ് -4 | 200000 | റോഡ് കോൺക്രീറ്റ് | നടപ്പിലാക്കി |
| 43 | പാണ്ട്യാടത്ത് പൊയിലിങ്കൽ താഴെ റോഡ് കോൺക്രീറ്റ് വാർഡ്-7 | 279131 | റോഡ് കോൺക്രീറ്റ് | നടപ്പിലാക്കി |
| 44 | നിടിയപറമ്പിൽ അരയനാട്ട് ഡ്രെയിനേജ് വാർഡ് -3 | 428400 | ഡ്രെയിനേജ് | നടപ്പിലാക്കി |
| 45 | നിടിയകുനി ഡ്രെയിനേജ് വാർഡ് -8 | 300000 | ഡ്രെയിനേജ് | നടപ്പിലാക്കി |
| 46 | പൂക്കോത്ത്താഴെ കിഴക്കെകുനി ഡ്രെയിനേജ് വാർഡ് -7 | 300000 | ഡ്രെയിനേജ് | നടപ്പിലാക്കി |

| | | | | |
|---|---|---|---|---|
| 47 | കുഴിവയൽ മദ്രസ്സ ഡ്രെയിനേജ് വാർഡ് -13 | 300000 | ഡ്രെയിനേജ് | നടപ്പിലാക്കി |
| 48 | കുറുന്നിമല കുടിവെള്ള പദ്ധതിയ്ക്ക് നെറ്റ് | 300000 | കുടിവെള്ളപദ്ധതി | നടപ്പിലാക്കി |
| 49 | നെല്ലിയുള്ളതിൽ കുടിവെള്ള പദ്ധതിയ്ക്ക് ഫിൽറ്റർ | 300000 | കുടിവെള്ളപദ്ധതി | നടപ്പിലാക്കി |
| 50 | ദുരന്തനിവാരണ ഉപകരണങ്ങൾ വാങ്ങലും പരിശീലനവും | 15000 | ഉപകരണങ്ങൾ വാങ്ങൽ | നടപ്പിലാക്കിയിട്ടില്ല |
| 51 | കോയിത്തുമ്മൽ കുടിവെള്ള പദ്ധതി റിപ്പയറിംഗ് ടാങ്ക് റിപ്പയർനെറ്റ് | 223070 | കുടിവെള്ളപദ്ധതി | നടപ്പിലാക്കി |
| 52 | ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ | 100000 | മരുന്ന് വാങ്ങൽ | നടപ്പിലാക്കി |
| 53 | ഹോമിയോ ഡിസ്പെൻസറി കണ്ടിജന്റ് ചെലവുകള് | 30000 | ദൈനംദിന ചെലവുകൾ | നടപ്പിലാക്കി |
| 54 | ഉപ്പ് വെള്ളം കയറുന്നതിന് ബണ്ടുകളിൽ ചളിനിറയ്ക്കൽ | 50000 | ഉപ്പ് വെള്ളം കയറുന്നത് തടയൽ | നടപ്പിലാക്കി |
| 55 | കൃഷി ഭവൻ കണ്ടിജന്റ് ചിലവുകൾ | 50000 | ദൈനംദിന ചെലവുകൾ | നടപ്പിലാക്കി |
| 56 | അഗതിരഹിത കേരളം | 100000 | അഗതി പരിരക്ഷ | നടപ്പിലാക്കി വരുന്നു |
| 57 | വിശപ്പ് രഹിത കേരളം - ജനകീയ ഹോട്ടൽ | 65000 | സ്വയം തൊഴിൽ | നടപ്പിലാക്കി |
| 59 | എസ് സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 585000 | സ്കോളർഷിപ് | നടപ്പിലാക്കി |
| 60 | ബാലസഭ | 13000 | ബാലസഭ | നടപ്പിലാക്കി |
| 61 | അഴകുള്ള അങ്ങാടി | 50000 | ശുചീകരണം | നടപ്പിലാക്കി |
| 62 | അങ്കണവാടി അനുപൂരക പോഷകാഹാരം | 1848000 | അങ്കണവാടി പോഷകാഹാരം | നടപ്പിലാക്കി |

| | | | | |
|---|---|---|---|---|
| 63 | ലൈഫ് ഭവന പദ്ധതി എസ് സി | 19593000 | ലൈഫ് ഭവനം | നടപ്പിലാക്കി |
| 65 | ഭിന്നശേഷി വിദ്യാർത്ഥികള്ക്ക് സ്കോളർഷിപ്പ് | 692400 | ഭിന്നശേഷി സ്കോളർഷിപ് | നടപ്പിലാക്കി |
| 67 | കണ്ടിജന്റ് ചെലവുകള് അങ്കണവാടികള് | 20000 | ദൈനംദിന ചെലവുകൾ | നടപ്പിലാക്കി |
| 68 | ഹരിതകർമസേന ശാക്തീകരണം | 25000 | ശുചീകരണം | നടപ്പിലാക്കി |
| 69 | ഭിന്നശേഷി കലാകായികമേള | 75000 | ഭിന്നശേഷി കലാമേള | നടപ്പിലാക്കി |
| 70 | പുന ചംക്രമണ യോഗ്യമല്ലാത്ത മാലിന്യം നീക്കം ചെയ്യൽ | 400000 | ശുചീകരണം | നടപ്പിലാക്കി |
| 71 | അങ്കണവാടി കലോൽസവം | 15000 | കലോൽസവം | നടപ്പിലാക്കി |
| 72 | അതിദരിദ്ര പട്ടികയിൽ ഉൾപ്പെട്ടവരുടെ യൂസർഫീ നൽകല് | 25000 | അതിദരിദ്ര പട്ടികയില് ഉൾപ്പെട്ടവരുടെ യൂസർഫീ നൽകല് | നടപ്പിലാക്കി |
| 73 | വിവിധ സ്ഥലങ്ങളിൽ തെരുവ് വിളക്ക് സ്ഥാപിക്കൽ | 400000 | തെരുവ് വിളക്ക് | നടപ്പിലാക്കി വരുന്നു |
| 74 | പി എം എ വൈ പട്ടികജാതി വിഹിതം നൽകല് | 70000 | പാർപ്പിടം | നടപ്പിലാക്കി വരുന്നു |
| 75 | ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണ നിർണ്ണയക്യാമ്പും വിതരണവും | 300000 | ഭിന്നശേഷി ഉന്നമനം | നടപ്പിലാക്കി |
| 76 | വീട് വാസയോഗ്യമാക്കൽ എസ് സി | 400000 | പാർപ്പിടം | നടപ്പിലാക്കി |
| 77 | സ്കൂളുകൾക്ക് നാപ്കിന് വെന്റിങ് മെഷീന് നാപ്കിൻ ഡിസ്ട്രോയർ | 300000 | നാപ്കിൻ ഡിസ്ട്രോയർ | നടപ്പിലാക്കി വരുന്നു |
| 78 | വയോജനങ്ങള്ക്ക് കട്ടില് വിതരണം | 230100 | കട്ടിൽ വിതരണം | നടപ്പിലാക്കി |
| 80 | ബ്ലോക്ക് ജി ആർ സി സെന്റർ പ്രവർത്തനം | 25000 | സമഗ്ര ജെൻഡർ വികസനം | നടപ്പിലാക്കിയിട്ടില്ല |
| 81 | സി ഡി എം സി വേതനം | 50000 | ഭിന്നശേഷി ഉന്നമനം | നടപ്പിലാക്കിയിട്ടില്ല |

| | | | | |
|---|---|---|---|---|
| | നൽകല് | | | |
| 82 | പെൺകുട്ടികള്ക്ക് കരാട്ടേപരിശീലനം | 150000 | കരാട്ടേ പരിശീലനം | നടപ്പിലാക്കി വരുന്നു |
| 83 | കാൻസർ കെയർ സൊസൈറ്റി | 50000 | കാൻസർ കെയർ സൊസൈറ്റി | നടപ്പിലാക്കി |
| 86 | സമഗ്ര നാളികേര വികസന പദ്ധതി | 25000 | സമഗ്ര നാളികേര വികസന പദ്ധതി | നടപ്പിലാക്കിയിട്ടില്ല |
| 118 | ഐടി അടിസ്ഥാന ടെക് നോളജി ഇൻക്യുബേഷന് സെന്റർ | 50000 | തുക കൈമാറൽ | നടപ്പിലാക്കിയിട്ടില്ല |
| 119 | വനിതകൾക്ക് കലാസാംസ്കാരിക പരിപാടികള് | 104440 | സാംസ്കാരിക പരിപാടി | നടപ്പിലാക്കി |
| 120 | അഗ്രി ബിസിനസ് ഇൻക്യുബേഷന് സെന്റർ | 50000 | വ്യവസായം | നടപ്പിലാക്കി വരുന്നു |
| 121 | കല്ലിട്ടൊടി പാടശേഖരം റാമ്പ് നിർമ്മാണം | 100000 | കൃഷി | നടപ്പിലാക്കി |
| 122 | എം സി എഫ് ഇലക്ട്രിഫിക്കേഷൻ | 235000 | മാലിന്യ നിർമാർജ്ജനം | നടപ്പിലാക്കി |
| 123 | പി എച്ച് സി കുടിവെള്ളപദ്ധതി | 629000 | കുടിവെള്ളപദ്ധതി | നടപ്പിലാക്കി |
| 124 | ഹോമിയോ ഡിസ്പെൻസറിയിൽ റാമ്പ് ഹാൻഡ് റെയിൽ നിർമ്മാണം | 50000 | ഹോമിയോ ഡിസ്പെൻസറി ഭൌതികസാഹചര്യം | നടപ്പിലാക്കി |
| 126 | പഞ്ചായത്ത് ഓഫീസ് ടോയ് ലെറ്റ് അറ്റകുറ്റപ്പണി | 100000 | ടോയ് ലെറ്റ് അറ്റകുറ്റപ്പണി | നടപ്പിലാക്കി |
| 128 | കുഴുമ്പിൽ മീത്തല് റോഡ് വാർഡ് 2 | 228197 | റോഡ് കോൺക്രീറ്റ് | നടപ്പിലാക്കി |
| 129 | മമ്മിളിതാഴെകുനി ഫുട്പാത്ത് കം ഡ്രെയിനേജ് വാർഡ് 11 | 250000 | ഡ്രെയിനേജ് | നടപ്പിലാക്കി |
| 130 | ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് കക്കൂസ് നിർമ്മാണത്തിന് ധനസഹായം | 684000 | ലൈഫ് | നടപ്പിലാക്കി വരുന്നു |

| | | | | |
|---|---|---|---|---|
| 131 | പൊതുസ്ഥാപനങ്ങളിൽ റിംഗ് കമ്പോസ്റ്റ് | 22500 | മാലിന്യ നിർമാർജ്ജനം | നടപ്പിലാക്കി വരുന്നു |
| 132 | ഒറോകുന്ന് കുടിവെള്ളപദ്ധതിക്ക് ത്രീ ഫേസ് ലൈൻ കെ എസ് ഇ ബിക്ക് തുക കൈമാറൽ | 161100 | കുടിവെള്ളപദ്ധതി വൈദ്യുതീകരണം | നടപ്പിലാക്കി |
| 133 | തുടർസാക്ഷരത കോഴ്സ് ഫീസ് നൽകല് | 50000 | സാക്ഷരത | നടപ്പിലാക്കി |
| 134 | കുഴുമ്പിൽ രാരോത്ത് തത്തംവള്ളിപ്പൊയിൽ കുടിവെള്ളപദ്ധതികളുടെ പുനരുദ്ധാരണത്തിന് പഞ്ചായത്ത് വിഹിതം കൈമാറൽ | 76380 | കുടിവെള്ളപദ്ധതി | നടപ്പിലാക്കി |
| 135 | കോരപ്ര സബ് സെന്റെര് ചാലിൽ മീത്തല് കെട്ടിടനിർമ്മാണം | 2430104 | ആരോഗ്യം | നടപ്പിലാക്കി വരുന്നു |
| 139 | കോരപ്ര ചാലിൽ മീത്തല് സബ് സെന്റർ വൈദ്യുതീകരണം | 344896 | വൈദ്യുതീകരണം | നടപ്പിലാക്കി വരുന്നു |
| 140 | കേരളോത്സവം | 75000 | യുവജനക്ഷേമം | നടപ്പിലാക്കി |
| 141 | ഗാർഹിക കക്കൂസ് നിർമ്മാണം | 15400 | കക്കൂസ് നിർമ്മാണം | നടപ്പിലാക്കി വരുന്നു |
| 142 | വീടുകളിൽ റിംഗ് കമ്പോസ്റ്റ് വിതരണം | 1143750 | മാലിന്യ നിർമാർജ്ജനം | നടപ്പിലാക്കി വരുന്നു |
| 143 | അതിദാരിദ്ര്യ നിർമ്മാർജ്ജനം വീട് റിപ്പയർ | 200000 | പാർപ്പിടം | നടപ്പിലാക്കി വരുന്നു |
| 144 | ഒറോകുന്ന് കുടിവെള്ളപദ്ധതി കിണർ നവീകരണം | 205430 | കുടിവെള്ളപദ്ധതി | നടപ്പിലാക്കി വരുന്നു |
| 145 | പഞ്ചായത്ത് ഓഫീസിൽ ഷെൽഫ് സ്ഥാപിക്കൽ | 89263 | ഭൌതികസാഹചര്യം | നടപ്പിലാക്കിയിട്ടില്ല |
| 146 | ചരിത്രഗവേഷണ കേന്ദ്രം ഡിപിആർ തയ്യാറാക്കൽ | 100000 | ചരിത്രഗവേഷണ കേന്ദ്രം | നടപ്പിലാക്കിയിട്ടില്ല |
| 147 | നിടിയ പറമ്പിൽ മാവിൻചുവട് റോഡ് മെയിന്റനൻസ് വാർഡ് 3 | 383348 | റോഡ് മെയിന്റനൻസ് | നടപ്പിലാക്കി |

| | | | | |
|---|---|---|---|---|
| 148 | കീഴരിയൂർ ടൂറിസം സാധ്യതാപഠനം | 100000 | ടൂറിസം | നടപ്പിലാക്കിയിട്ടില്ല |
| 149 | നടുവത്തൂർ ശിവക്ഷേത്രം കുറുമയിൽ താഴെ റോഡ് വാർഡ് -4 | 750000 | റോഡ് മെയിന്റനൻസ് | നടപ്പിലാക്കി |
| 150 | മൃഗാശുപത്രി ദൈനം ദിന ചിലവുകൾ | 1045 | ദൈനം ദിന ചിലവുകൾ | നടപ്പിലാക്കി |
| 151 | നടുവത്തൂർ സബ് സെന്റെര് പെയിന്റിങ്ങും അറ്റകുറ്റപ്പണികളും | 130845 | ഭൌതികസാഹചര്യം | നടപ്പിലാക്കി |
| 152 | പിഎച്ച്സി കണ്ടിജന്റ് ചെലവുകൾ | 68310 | ദൈനം ദിന ചിലവുകൾ | നടപ്പിലാക്കി |
| 153 | പ്രതിരോധ കുത്തിവെപ്പ് നടത്തുന്നതിന് വാഹനവാടക | 60000 | ആരോഗ്യം | നടപ്പിലാക്കി |
| 154 | പാലിയേറ്റീവ് കെയർ പദ്ധതി | 446008 | ആരോഗ്യം | നടപ്പിലാക്കി |
| 155 | കോരപ്ര സബ് സെന്ററർ വാടക | 6000 | ആരോഗ്യം | നടപ്പിലാക്കി |
| 156 | പ്രാഥമികാരോഗ്യകേന്ദ്രത്തിലെ ഡോക്ടർ ഫാർമസിസ്റ്റ് വേതനം | 146549 | ആരോഗ്യം | നടപ്പിലാക്കി |
| 157 | ജീവതാളം | 50000 | ആരോഗ്യം | നടപ്പിലാക്കി |
| 88 | കീഴരിയൂർ അങ്ങാടി ടോയ് ലെറ്റ് ടെയ്ക്ക് എ ബ്രേക്ക് പൂർത്തീകരണം | 86722 | ശുചിത്വം | നടപ്പിലാക്കി |
| 89 | ശിശുസൌഹൃദ ടോയ് ലെറ്റ് വാർഡ് 8 | 109119 | ശുചിത്വം | നടപ്പിലാക്കി |
| 90 | അണ്ടിച്ചേരിതാഴെ നടുക്കണ്ടി മുക്ക് റോഡ് വാർഡ് - -2 | 474000 | റോഡ് മെയിന്റനൻസ് | നടപ്പിലാക്കി |
| 91 | മിനി എംസിഎഫ് സ്ഥാപിക്കൽ | 200000 | ശുചിത്വം | നടപ്പിലാക്കി |
| 92 | ഊത്തൂളിതാഴെ പാലാക്കണ്ടി റോഡ് വാർഡ് -12 | 474000 | റോഡ് മെയിന്റനൻസ് | നടപ്പിലാക്കി |
| 93 | ഒറോക്കുന്ന് കുടിവെള്ള പദ്ധധി പൂർത്തീകരണം വാർഡ് 6-9 | 910217 | കുടിവെള്ളപദ്ധതി | നടപ്പിലാക്കി |

| | | | | |
|---|---|---|---|---|
| 94 | അംഗനവാടി നവീകരണം | 1062933 | അംഗനവാടി നവീകരണം | നടപ്പിലാക്കി |
| 95 | നടുവത്തൂർ യുപി സ്കൂള് മണ്ണാടി റോഡ് വാര്ഡ് - 11 | 783000 | റോഡ് മെയിന്റനൻസ് | നടപ്പിലാക്കി |
| 96 | ആയുർവേദ ഡിസ്പെൻസറി യോഗഹാൾ നവീകരണം | 287028 | യോഗഹാൾ നവീകരണം | നടപ്പിലാക്കി |
| 97 | എംസിഎഫ് പൂർത്തീകരണം | 1500000 | ശുചിത്വം | നടപ്പിലാക്കി |
| 98 | ആയുർവേദാശുപത്രി പെയിൻ്റിംഗും അറ്റകുറ്റപ്പണികളും | 372332 | പെയിൻ്റിംഗും അറ്റകുറ്റപ്പണികളും | നടപ്പിലാക്കി |
| 99 | കരിയാത്തു താഴെ റോഡ് - - വാർഡ്8 | 474000 | റോഡ് മെയിന്റനൻസ് | നടപ്പിലാക്കി |
| 100 | പഞ്ചായത്ത് ഓഫീസ് നവീകരണം | 110898 | ഓഫീസ് നവീകരണം | നടപ്പിലാക്കി |
| 101 | താഴത്ത് പറമ്പത്ത് താഴെ കണ്ണോത്ത് യുപി തറോൽമുക്ക് റോഡ് വാർഡ് 12-13 | 800000 | റോഡ് മെയിന്ററനൻസ് | നടപ്പിലാക്കി |
| 102 | അംഗനവാടി മെയിന്ററനൻസ് | 313980 | അംഗനവാടി മെയിന്ററനൻസ് | നടപ്പിലാക്കി |
| 103 | നിടിയപറമ്പിൽ മാവിൻചുവട് റോഡ് | 1866147 | റോഡ് മെയിന്റനൻസ് | നടപ്പിലാക്കിവരുന്നു |
| 104 | വെട്ടിപ്പാണ്ടിതാഴ ചാത്തൻ പറമ്പത്ത് റോഡ് | 474000 | റോഡ് മെയിന്റനൻസ് | നടപ്പിലാക്കി |
| 106 | കിടാരി വിതരണം | 16000 | കിടാരി വിതരണം | നടപ്പിലാക്കി |

## അദ്ധ്യായം 3

### പ്രശ്ന വിശകലനവും പ്രശ്ന പരിഹാരസാധ്യതകളും

വികസന പ്രവർത്തനങ്ങൾ കണ്ടെത്തുന്നതിനും പ്രൊജക്ട് തയ്യാറാക്കുന്നതിനും പതിനാലാം പഞ്ചവത്സര പദ്ധതി വികസനരേഖയും ദീർഘകാല പരിപ്രേക്ഷ്യവും അടിസ്ഥാനമാക്കി വർക്കിംഗ് ഗ്രൂപ്പുകൾ വളരെ വിശദമായി രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകൾ മേഖലാടിസ്ഥാനത്തിൽ കണ്ടെത്തിയിരിക്കുന്ന പ്രശ്നങ്ങളും പരിഹാരങ്ങളും നവകേരള മിഷനുമായി ബന്ധപ്പെടുത്തി പ്രവർത്തിപഥത്തിൽ കൊണ്ടുവരിക എന്നുള്ളതാണ് നമ്മുടെ ചുമതല.

ജനകീയാസൂത്രണത്തിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിലെ ഘടകസ്ഥാപനങ്ങൾ ഓരോന്നായി പൂർത്തീകരിക്കാന് നമുക്ക് കഴിഞ്ഞിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ പ്രൈമറി ഹെൽത്ത് സെന്റർ, മൃഗാശുപത്രി, സ്റ്റേഡിയം ഗ്രൗണ്ടിലെ ഓപ്പൺ എയർ സ്റ്റേജ്, അംഗനവാടി കെട്ടിടങ്ങൾ, കൃഷിഭവന് ഓഫീസിന്റെ സ്ഥലം എടുപ്പ്, കൃഷിഭവൻ ഓഫീസ് ഹാൾ നിർമ്മാണം, കുടിവെള്ള പദ്ധതികളായ കുറുങ്ങിമല, രാജീവ്കോളനി, കോരപ്ര, കോയിത്തുമ്മൽ, കുനിപ്രമല എന്നിവ ജനപങ്കാളിത്തത്തോടു കൂടിയുള്ള പദ്ധതികളാണ്. സമ്പൂർണ്ണ വൈദ്യുതീകരണപരിപാടി എന്നിവ അഭിമാനകരമായ നേട്ടങ്ങളാണ്. നമ്മുടെ ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടം ഈ നിലയിലേക്ക് എത്തിച്ചത് ഘട്ടം ഘട്ടമായുള്ള പ്രാദേശികാസൂത്രണത്തിന്റെ ഭാഗമായിട്ടാണ്.

ഉത്പാദനരംഗത്ത് നാളീകേരകൃഷിയുടെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കാന് സാധിച്ചിട്ടുണ്ട്. കാലാകാലങ്ങളിലായി തരിശായി കിടന്നിരുന്ന ചെറുപുഴ പാടശേഖരത്തിൽ പെട്ടി, പറ ഉപയോഗിച്ച് നെല്ലുത്പാദന രംഗത്ത് കുതിച്ചു ചാട്ടം ഉണ്ടാക്കുകയും പാടശേഖര രംഗത്ത് സമൂലമായ മാറ്റം ഉണ്ടാക്കാനും കഴിഞ്ഞു. കൈത്തോടുകൾ നിർമ്മിച്ച് കൂട്ടുകൃഷി സമ്പ്രദായത്തിൽ ലഭ്യമായ എല്ലാ കൃഷിസ്ഥലവും കൃഷിയോഗ്യമാക്കാന് കഴിഞ്ഞു . കൈത്തോടുകളുടെ നിർമ്മാണം പൂർണ്ണമാക്കിയാൽ കല്ലിട്ടൊടി പാടശേഖരം ആച്ചേരിതോട് വരെ വ്യാപിപ്പിക്കാൻ കഴിയും. നെൽകൃഷി ആദായകരമല്ല എന്ന തെറ്റായ പ്രചരണം

അനുഭവ സാക്ഷ്യത്തിന്റെ അടിസ്ഥാനത്തിൽ തിരുത്താനും കൃഷിയോടുള്ള ആഭിമുഖ്യം വർദ്ധിപ്പിക്കാനും കഴിഞ്ഞു.

ഗ്രാമപഞ്ചായത്തിന്റെ കുടിവെള്ള പ്രശ്നത്തിന് ശാശ്വത പരിഹാരം ലക്ഷ്യമിട്ടുകൊണ്ട് 2012-13 വർഷത്തിൽ ജലനിധിയുമായി കരാറിൽ ഒപ്പുവയ്ക്കുകയും 16 ഗുണഭോക്തൃ ഗ്രൂപ്പുകളും ഭരണസമിതി അംഗങ്ങളും ഉദ്യോഗസ്ഥരും കൈമെയ് മറന്ന് പ്രവർത്തിച്ചത് കാരണം കുടിവെള്ള പ്രശ്നം ഏതാണ്ട് പരിഹരിക്കാൻ കഴിഞ്ഞു. കേന്ദ്രസംസ്ഥാന പ്രാദേശിക സർക്കാറുകളുടെയും ഉപഭോക്താക്കളുടെയും സഹകരണത്തോടെ നടത്തുന്ന ജലജീവന് പദ്ധതിയുടെ പ്രാരംഭ പ്രവർത്തനം തുടങ്ങി കഴിഞ്ഞു. പദ്ധതി പ്രവർത്തനം പൂർത്തീകരിക്കുന്നതോടെ കുടിവെള്ളത്തിന് ശാശ്വത പരിഹാരം കണ്ടെത്താന് കഴിയും. ഗ്രാമപഞ്ചായത്തിന്റെ ശുചിത്വവുമായി ബന്ധപ്പെട്ട് നിർമ്മൽ ഗ്രാമപുരസ്കാരം നേടാനായിട്ടുണ്ട്. സമ്പൂർണ്ണ ശുചിത്വ ഗ്രാമം എന്ന ലക്ഷ്യവും നാം ഒരു പരിധി വരെ കൈവരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി എല്ലാ സ്കൂളുകളിലും ഷീ ടോയ്ലറ്റ് സ്ഥാപിക്കാൻ കഴിഞ്ഞു .

നവകേരള മിഷന്റെ ഭാഗമായി ജനകീയ കൂട്ടായ്മയിലൂടെ പദ്ധതി നടപ്പിലാക്കാൻ നമുക്ക് കഴിയണം.സ്വന്തം പ്രദേശത്തിന്റെ വികസനം മറ്റുള്ളവർക്ക് മാതൃകയാക്കി മാറ്റാനാവണം.പതിനാലാം പദ്ധതി നടത്തിപ്പിനായി പഞ്ചായത്ത് ഭരണസമിതി, ജീവനക്കാർ, നിർവ്വഹണ ഉദ്യോഗസ്ഥർ, രാഷ്ട്രീയ പാർട്ടി പ്രവർത്തകർ, സന്നദ്ധപ്രവർത്തകർ, വർക്കിംഗ് ഗ്രൂപ്പുകൾ,ആസൂത്രണ സമിതി പ്രവർത്തകർ ഏകീകരിച്ച പ്രവർത്തനവുമായി മുന്നോട്ടു പോവുകയാണ്. ഗ്രാമത്തിന്റെ പൊതു നന്മ ലക്ഷ്യമാക്കിക്കൊണ്ടുള്ള ഈ പ്രവർത്തനങ്ങളിൽ നമുക്കൊന്നിച്ച് കൈകോർക്കാം

## അദ്ധ്യായം 4

### വികസന കാഴ്ചപ്പാട്, ലക്ഷ്യങ്ങൾ

ഉത്പാദന മേഖലയ്ക്ക് ഊന്നൽ നൽകിയ നാളികേരം, നെല്ല്, ഫലവർഗ്ഗങ്ങൾ, പച്ചക്കറി, പാൽ എന്നിവയുടെ ഉത്പാദനം വർദ്ധിപ്പിച്ച് സ്വയം പര്യാപ്ത-സ്വാശ്രയ ഗ്രാമം പുനർനിർമ്മിക്കുക എന്നതാണ് ഉത്പാദന മേഖലയിലെ ദീർഘകാല വികസന കാഴ്ചപ്പാട്. ജൈവ അജൈവ മാലിന്യങ്ങളുടെ നിയന്ത്രണം, ഗാർഹിക മാലിന്യ സംസ്കരണം, ശാസ്ത്രീയ മാലിന്യ പരിപാലനം പ്ലാസ്റ്റിക് വസ്തുക്കളുടെ ഉപയോഗം നിയന്ത്രിക്കൽ, പുനഃചക്രമണം എന്നിവയാണ് മാലിന്യ നിയന്ത്രണ രംഗത്തെ വികസന നയം.

പശ്ചാത്തലമേഖലയ്ക്ക് ഉണർവുണ്ടാക്കുന്നതിനും റോഡുകളുടെ അവസ്ഥ മെച്ചപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. മെച്ചപ്പെട്ട ഗതാഗതസൗകര്യവും അടിസ്ഥാന സൗകര്യ വികസനവും പഞ്ചായത്തിന്റെ പ്രഖ്യാപിത ലക്ഷ്യമാണ്. സ്ത്രീകൾ, കുട്ടികൾ, വയോജനങ്ങൾ, ഭിന്നശേഷിക്കാർ എന്നീ വിഭാഗങ്ങളിൽ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായ പ്രൊജക്ടുകൾ രൂപീകരിച്ച് പ്രാവർത്തികമാക്കി വരുന്നു. വാർഷിക പദ്ധതികളിലെ മുൻ അവസ്ഥകൾ വിശകലനം ചെയ്ത് വിവിധ വിഷയ മേഖലകളിലൂന്നിയ വികസനസമീപനങ്ങൾ സ്വാംശീകരിച്ച് കർമ്മസമിതികൾ കണ്ടെത്തിയ വികസന തന്ത്രങ്ങൾ ചുവടെ ചേർക്കുന്നു.

പ്രാദേശിക ഉൽപ്പാദനം വർധിപ്പിച്ചുകൊണ്ട് പുതിയതൊഴിൽ ലഭ്യത സൃഷ്ടിച്ചുകൊണ്ട് മാത്രമേ നമുക്കു മുന്നേറാൻ കഴിയൂ. ഉല്പന്നാധിഷ്ഠിതമായ വികസനം എന്ന മുദ്രാവാക്യം ആയിരിക്കണം നമ്മുടെ ലക്ഷ്യം. ഉൽപ്പാദന മേഖലയ്ക്ക് പ്രാമുഖ്യം നൽകി ഉത്പാദനം വർധിപ്പിക്കുകയായിരുന്നു ജനകീയാസൂത്രണത്തിൻറെ മുഖ്യലക്ഷ്യം. നമുക്ക് ആവശ്യമായ അരിയുടെ കാര്യത്തിൽ ഇന്നുള്ള കമ്മികുറയ്ക്കുക മറ്റുഭക്ഷ്യസാമഗ്രികൾ പച്ചക്കറിപഴങ്ങൾ മത്സ്യമാംസാദികൾ മുട്ട എന്നിവയുടെ കാര്യത്തിൽ നമ്മുടെ പഞ്ചായത്തിൽ സ്വയംപര്യാപ്തതയിലേക്ക് നീങ്ങുന്നതിനാണ് ജനകീയാസൂത്രണത്തിന്റെ സമീപനം.

അവശേഷിക്കുന്ന നെൽവയലുകൾ, കൃഷിയിടങ്ങൾ നികത്തപ്പെടരുത്. ഒരുതുണ്ട് കൃഷിഭൂമി പോലും തരിശിടാതെ നോക്കണം. ഉൽപ്പാദനക്ഷമത

വർധിപ്പിക്കുന്നതോടൊപ്പം സമഗ്രകൃഷിരീതികൾ, ആവശ്യത്തിന്യ യന്ത്രവൽക്കരണം, ശാസ്ത്രീയമായരീതികൾ ജലസംരക്ഷണപ്രവർത്തനങ്ങൾ, മണ്ണ്ജല സംരക്ഷണ പ്രവർത്തനങ്ങൾ എന്നിവ വഴി കാർഷികമേഖലയിൽ ഒരു കുതിച്ചുചാട്ടത്തിന് നമുക്ക് നേതൃത്വം നൽകാൻ കഴിയേണ്ടതുണ്ട്. കാർഷിക ഉല്പന്നങ്ങളുടെ സംഭരണംവിപണനം എന്നിവയ്ക്ക് സൌകര്യമൊരുക്കണം. കാർഷികഉത്പന്നങ്ങളുടെ മൂല്യവർധന ആണ് മറ്റൊരു സാധ്യത. ലഭ്യമായ സാങ്കേതികവിദ്യകൾ ഉപയോഗിക്കുന്നതോടൊപ്പം പുതിയരീതികൾ കണ്ടെത്തുകയും നടപ്പാക്കുകയും വേണം. പഴം പച്ചക്കറികൾ എന്നിവ കൃഷിചെയ്യുന്നതോടൊപ്പം കാലിവളർത്തലും കോഴിവളർത്തലും പ്രധാനമാണ്. മാംസത്തിനും പാലിനും മുട്ടയ്ക്കും അന്യസംസ്ഥാനങ്ങളെ ആശ്രയിക്കുന്നത് ഒരുപരിധിവരെ ഇല്ലാതാക്കാനും അതോടൊപ്പം പ്രാദേശിക സമ്പദ് വ്യവസ്ഥയുടെ വളർച്ചയും ഇതിന്റെ ഭാഗമായി ഉണ്ടാവുന്നു. കൃഷിയിലും അനുബന്ധമേഖലയിലുമുള്ള ഗൗരവപൂർണ്ണമായ ഇടപെടലുകളാണ് സുഭിക്ഷകേരളം പദ്ധതിയിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. കൃഷിയുടെ വികസനത്തിന് ശാസ്ത്രീയമായ സ്ഥലജലമാനേജ്മെന്റ് അനിവാര്യമാണ്. ജലലഭ്യത ഉറപ്പാക്കുന്നത് പോലെ പ്രധാനമാണ് വെള്ളക്കെട്ട് ഒഴിവാക്കുന്നത്. നീർത്തടാധിഷ്ഠിത പ്രവർത്തനമാണ് ഇതിനു ഉത്തമം. നമ്മുടെ പഞ്ചായത്ത് നീർത്തട മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ബ്ലോക്ക്പഞ്ചായത്തിലെ പൈലറ്റ് പ്രോജക്ട് നമ്മുടെ പഞ്ചായത്തിലാണ് നടപ്പിലാക്കുന്നത്. കുന്നുകളും താഴ്വരകളും പുഴകളും ഉള്ള നമ്മുടെ പഞ്ചായത്തിന് ഈ മേഖലയിൽ സാധ്യതകളേറെയാണ്. പ്രദേശത്തുള്ള തോടുകൾ കുളങ്ങൾ അഴുക്കുചാലുകൾ എന്നിവ ചെളി നീക്കി പുഴയോരങ്ങളിൽ ഉള്ള കയ്യേറ്റങ്ങൾ റീസർവേയിലൂടെ കണ്ടെത്തി ശക്തമായ നിയമനടപടികൾ എടുക്കുക വഴി ഇവ പുനഃസ്ഥാപിക്കാൻ കഴിയും. നീരൊഴുക്ക് സുഗമമാക്കുക വഴി ഇത്തരം പ്രദേശങ്ങൾ കൃഷിക്ക് പ്രത്യേകിച്ച് നെൽകൃഷിക്ക് ഉപയുക്തമാക്കാൻ കഴിയും. ചെറുപുഴയിലെ നീരൊഴുക്ക് തടസ്സപ്പെട്ടത് പ്രദേശത്തെ താഴ്ന്നപ്രദേശങ്ങൾ വെള്ളത്തിൽ ആകാൻ ഇടയായിട്ടുണ്ട്. ഇത് ഒഴിവാക്കാനുള്ള പ്രവർത്തനങ്ങൾ തുടങ്ങിക്കഴിഞ്ഞു എന്നത് ശുഭോദർക്കമാണ്. കുളങ്ങൾ തോടുകൾ ജലാശയങ്ങൾ എന്നിവ ശുദ്ധജലമത്സ്യകൃഷിക്ക് ഉപയോഗിക്കാം.

ഹരിതകേരളം മിഷനും ശുചിത്വമിഷനും നൽകുന്ന സാങ്കേതിക സാമ്പത്തിക സഹായം കൊണ്ട് ഉറവിടമാലിന്യ സംസ്കരണ സംവിധാനം നടപ്പിലാക്കാൻ കഴിയും. ഇതോടൊപ്പം എല്ലാവീടുകളിലും ജൈവകമ്പോസ്റ്റ്

പ്രാവർത്തികമാകുന്നതോടെ ഇവയിൽനിന്ന് ലഭ്യമാകുന്ന വളം അടുക്കള കൃഷിക്ക് ഉപയോഗിക്കാവുന്നതാണ്. ഹരിതകർമസേനയുടെ സഹായത്തോടെ അജൈവമാലിന്യങ്ങൾ സംസ്കരിക്കാൻ എംസിഎഫ്, ആർ ആർ എഫ് എന്നിവ സ്ഥാപിക്കുക ഇവയുടെ ശാസ്ത്രീയമായ പുനചംക്രമണകേന്ദ്രങ്ങളിൽ ഇവ എത്തിക്കുക എന്നത് പ്രധാനമാണ്.

ഏകലോകം ഏകാരോഗ്യം എന്ന കാഴ്ചപ്പാടിൽ നിന്നായിരിക്കണം ഭാവിയിലെ നമ്മുടെ ആരോഗ്യ പ്രതിരോധപ്രവർത്തനങ്ങൾ. കോവിഡ് ഉൾപ്പെടെ പ്രതിരോധ പ്രവർത്തനങ്ങൾ കൂടുതൽ ഗൗരവത്തോടെ ഏറ്റെടുത്തു നടത്താൻ നമ്മുടെ പഞ്ചായത്തിന് കഴിയണം. മുൻകാലങ്ങളിൽ നിന്നും വിഭിന്നമായി കേരളം ദുരന്തങ്ങളെ അഭിമുഖീകരിക്കുകയാണ്. ദുരന്ത പ്രതിരോധ പ്രവർത്തനങ്ങൾക്കും ദുരന്തനിവാരണത്തിൽ ബഹുജന പങ്കാളിത്തം ഉറപ്പാക്കുന്ന പ്രവർത്തനത്തിനും ഈ പദ്ധതി ഊന്നൽ നൽകേണ്ടതാണ്.

കുടുംബശ്രീ വഴിയും സ്ത്രീശാക്തീകരണ രംഗത്ത്പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെങ്കിലും വേണ്ടത്ര ഫലപ്രദമായില്ല. ഈ ലക്ഷ്യം വച്ചുകൊണ്ട് വനിതാ ഘടകപദ്ധതികൾ ആവിഷ്കരിക്കണം. പട്ടികജാതി വിഭാഗങ്ങളെയും മറ്റ് സമൂഹത്തിൽ പിന്നോക്കം നിൽക്കുന്നവരെ മുഖ്യധാരയിലെത്തിക്കാൻ കഴിയണം.

ആഗോളതാപനം അപകടകരമായ തലത്തിലേക്ക് ഉയരുന്ന ഈ കാലത്ത് ഫോസിൽ ഇന്ധനങ്ങളുടെ ഉപഭോഗം കുറയ്ക്കേണ്ടത് അത്യാവശ്യമാണ്. കാർബൺ നിർഗമനം കുറയ്ക്കാൻ ഊർജ്ജക്ഷമത കൂടിയ വൈദ്യുത ഉപകരണങ്ങൾ പ്രോത്സാഹിപ്പിക്കണം. തെരുവുവിളക്കുകൾ വീടുകളിലെയും സ്ഥാപനങ്ങളിലെയും വിളക്കുകൾ എന്നിവ എൽഇഡി ബൾബുകൾ ആക്കി മാറ്റണം. ഒപ്പം വീടുകളിലെയും ഓഫീസുകളിലെയും ഫാനുകൾ bldc സാങ്കേതികവിദ്യയിലേക്ക് മാറ്റണം. കാർബൺഡയോക്സൈഡ് ആഗിരണം ചെയ്യുന്ന സസ്യാവരണം കൂടുതൽ ഉണ്ടാകണം. വനവൽക്കരണം പ്രോത്സാഹിപ്പിക്കണം. പച്ചത്തുരുത്തുകളും മിയോവാക്കി വനങ്ങളും മഴക്കാടുകളും വ്യാപകമാക്കാൻ കഴിയണം.

ഇതിനെല്ലാം അനുയോജ്യമായ ഒരു സാംസ്കാരിക അന്തരീക്ഷം രൂപപ്പെടേണ്ടതുണ്ട്. ലൈബ്രറികൾ, ക്ലബ്ബുകൾ, സാംസ്കാരിക സംഘടനകൾ റസിഡൻസ് അസോസിയേഷനുകൾ തുടങ്ങിയവയെല്ലാം പങ്കെടുപ്പിച്ചു കൊണ്ട് ശക്തമായ

സാംസ്കാരിക പ്രവർത്തനത്തിന് നമ്മുടെ പഞ്ചായത്ത് നേതൃത്വം നൽകണം. കൃഷിയുടെ പ്രാധാന്യം പരിസ്ഥിതി ദുരന്തനിവാരണവും ദുരിതാശ്വാസവും പകർച്ചവ്യാധിപ്രതിരോധം തുടങ്ങിയവയും പുതുതലമുറയെ പങ്കെടുപ്പിച്ചു കൊണ്ട് ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്.

